PADYATARAVALI.

PART II

[SELECTIONS FROM ANCIENT & MODERN POETS]

APPROVED BY THE MADRAS TEXT BOOK COMMITTEE FOR SCHOOL USE
& PRESCRIBED BY PRESIDENT DISTRICT BOARD
& MUNICIPALITIES.



പദ്യതാരാവലി

ഭാഗം 2.

(അത്ഥത്തോട് കൂടിയതു്).

Price 0-2-9

EDITED BY

പള്ളത്തു് രാമൻ.

M. L. S. Reg. Library 1/3

PADYATARAVALI.

PART II

No: 268.

168

EDITED BY

പള്ളത്ത് രാമൻ,

MEMBER, BOARD OF STUDIES, UNIVERSITY OF MADRAS,
MEMBER TEXT BOOK COMMITTEE
AND
SENIOR LECTURER IN MALAYALAM
GOVERNMENT VICTORIA COLLEGE, PALGHAT.

268

പദ്യതാരാവലി

ഭാഗം 2.

1170

[Seventh Edition 2000]

PUBLISHERS:
THE KOHINOOR PUBLISHING HOUSE, PONANI.
BRANCH: PALGHAT.

A. R. P. PRESS, KUNNAMKULAM.

1937

(എല്ലാ പ്രതികളിലും പ്രകാശകന്റെ മുദ്ര ഉണ്ടായിരിക്കും.)

O-25-P

രണ്ടാം പതിപ്പിന്റെ

മുഖവുര.

ഞങ്ങളുടെ ഈ പദ്യതാരാവലിഗ്രന്ഥങ്ങൾക്കല്പകാലത്തിനകം കേരളത്തിൽ സാവ്ത്രികമായ പ്രചാരം സിദ്ധിച്ചുകാണുന്നതിൽ ഞങ്ങൾക്ക് അതിയായ കൃതാർത്ഥതയുണ്ട്. നിലവിലുള്ള പദ്യപാഠങ്ങളേക്കാൾ മാധുര്യവും, ലാളിത്യവും ഏറിയതും, ബാലവിദ്യാർത്ഥികൾക്ക് ചൊല്ലിപ്പഠിക്കാനെളുപ്പമുള്ളതും, കവിതാരസം നിറഞ്ഞതുമാണ് പദ്യതാരാവലിയെന്ന് ഡിപ്പൂട്ടി ഇൻസ്പക്ടർമാരും, താലൂക്ക് ബോർഡ് പ്രസിഡെൻറ്മാരും, മുനിസിപ്പൽചെയർമന്മാരും, ഗുരുനാഥന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ പുസ്തകങ്ങളെ സ്വാഗതം ചെയ്തതിലും, പാഠ്യപുസ്തകമായി ഏർപ്പെടുത്തിസ്സഹായിച്ചതിലും, ഞങ്ങൾക്ക് ആ മാന്യന്മാരോടുള്ള നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഈ പതിപ്പിൽ പദങ്ങൾക്ക് അർത്ഥവും കൊടുത്തിട്ടുണ്ട്.

ആറാം പതിപ്പിന്റെ

മുഖവുര.

ബ്രിട്ടീഷുകൊച്ചി മുതൽ കാസർകോട് വരെ ഞങ്ങളുടെ പദ്യതാരാവലിയ്ക്ക് പ്രചാരം സിദ്ധിച്ചിരിക്കുന്നു. ഇത്ര വേഗത്തിൽ ആറാം പതിപ്പിന് ഇടവന്നതുതന്നെ ഇതിന്റെ പ്രചുരപ്രചാരത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടല്ലൊ. അതികഠിനങ്ങളും ബ്രി. മലബാറിന്ന് യോജിക്കാത്തവയു

മായ പദ്യപാഠഗ്രന്ഥങ്ങളും മറഞ്ഞുകഴിഞ്ഞു; ആ സ്ഥാനത്തു് പദ്യതാരാവലിയാണ് ഇപ്പോൾ സാവ്ത്രികമായി ഉപയോഗിച്ചുവരുന്നതു്.

മാപ്പിളസ്കൂളുകളും പദ്യതാരാവലിയെ ഏറ്റവും സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. അനുഗ്രഹീതരായ നാനാകവികളുടെ കവിതാമാധുര്യം ആസ്വദിക്കുവാനാണ് പദ്യപഠനം പ്രയോജനപ്പെടുന്നതു്. ഏതെങ്കിലും ഒരു കവിയുടെ കവിത മാത്രമായാൽ ആ ഫലം സിദ്ധിക്കുകയില്ല. കവിത കവിതയ്ക്കു വേണ്ടിയാണ്. മറ്റു ഭാഗങ്ങളും ഉടനെ പുറത്തു വരുന്നതാണ്.

പ്രകാശകന്മാർ.

PADYATARAVALI.

I have gone through Padyataravali Poetical Selections by Mr. Pallath Raman, the well-known writer. As an Inspecting Officer of Elementary Schools, I welcome these publications, providing as they do a wide range of passages from both ancient and modern Poets, of which teachers could pick and choose their selections according to their varying tastes and requirements. These selections might, more over, help both teachers and pupils to cultivate a clear acquaintance with the works of the poets to whom they are now introduced.

C. K. Nair, B. A, L. T.
DEPUTY INSPECTOR OF SCHOOLS.
PALGHAT.

7-3-31

അഭിപ്രായം.

—:*:—

കേരളത്തിലെ ആധുനിക കവികളിൽ അഗ്രഗണ്യന്മാരിൽ ഒരാളായ മിസ്റ്റർ പള്ളത്തു് രാമൻ പ്രസാധനം ചെയ്ത "കഥാലതിക", "പദ്യതാരാവലി" ഈ പുസ്തകങ്ങളുടെ ചില ഭാഗങ്ങൾ ഞാൻ വായിച്ചു നോക്കുകയുണ്ടായി. മേപ്പടി പുസ്തകങ്ങളിൽ ഹിതോപദേശങ്ങളായ പല പാഠങ്ങളും മനസ്സിനു് ആഹ്ലാദകരമായ പല വിഷയങ്ങളും അടങ്ങിക്കാണുന്നു. ഓരോ വിഷയങ്ങളെപ്പറ്റി പ്രസിദ്ധപ്പെട്ട കേരളകവികൾ എഴുതിയ പദ്യങ്ങളിൽനിന്നും ഓരോ ഭാഗങ്ങൾ തിരഞ്ഞെടുത്തു് ആ വക ഒന്നായി പുസ്തകരീതിയിൽ പ്രസിദ്ധപ്പെടുത്തുവാൻ മിസ്റ്റർ രാമൻ ഉദ്യമിച്ചതു് ഏറ്റവും സ്തുത്യർഹം തന്നെ .....മേപ്പടി പദ്യതാരാവലി പുസ്തകങ്ങളും "കഥാലതിക"യും പ്രാഥമിക വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതിനെപ്പറ്റി വിപരീതാഭിപ്രായം ആർക്കും ഉണ്ടാവുമെന്നു തോന്നുന്നില്ല..... .....ഈ പുസ്തകങ്ങൾക്കു മേപ്പടി വിദ്യാലയങ്ങളിലും മറ്റും ധാരാളം പ്രചാരം ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുന്നു.

K. Koman Nair, B. A., B. L.
ADVOCATE & PRESIDENT TALUK BOARD,
PALGHAT.

11th March, 1931

വിഷയസൂചി.

1. ഈശ്വരപ്രാർത്ഥന—ചെറുശ്ശേരി.
2. ഒരു സൂര്യോദയം—ശീലവതി—കുഞ്ചൻനമ്പ്യാർ.
3. ഭക്തി—ജ്ഞാനപ്പാന—പൂന്താനം.
4. വൃദ്ധവാനരൻ—നമ്പ്യാർ.
5. അമ്പുകൊണ്ട പക്ഷി—പള്ളത്തു് രാമൻ.
6. രാവണോദ്യാനത്തിൽ ചെന്ന ഹനുമാൻ—
എഴുത്തച്ഛൻ.
7. പരുക്കേറ്റ കുട്ടി—കുമാരനാശാൻ.
8. മിഥ്യാപവാദം—സുമനസ്കം തുള്ളൽ—
കുഞ്ചൻനമ്പ്യാർ.
9. കുന്നെടുത്തു കുടയാക്കി—കൃഷ്ണഗാഥ—ചെറുശ്ശേരി.
10. മാടപ്പിറാവു്—പള്ളത്തു് രാമൻ.
11. പുത്രദുഃഖം—സന്താനഗോപാലം—
കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ.
12. ഉദയസൂര്യൻ—പള്ളത്തു് രാമൻ.
13. കുചേലയാത്ര.
14. ഹിതോപദേശങ്ങൾ—
കുറിപ്പുറത്തു് കേശവൻ നായർ.
15. പഞ്ചവർണ്ണക്കിളി—പള്ളത്തു് രാമൻ.
16. സീതാന്വേഷണം—ബാലരാമായണം—ആശാൻ.
17. കുന്തിയും പാണ്ഡവന്മാരും—പ്രാചീനകൃതി.
18. മഹദ്വാക്യങ്ങൾ—നമ്പ്യാർ, സത്യാസ്വയംവരം, രാമായണം, പഞ്ചേന്ദ്രോപാഖ്യാനം, ത്രിപുരദഹനം.
19. ഒരു പ്രാർത്ഥന—ശ്രീനാരായണഗുരു.

പദ്യതാരാവലി.

1. ഈശ്വരപ്രാർത്ഥന.

—:*:—

കഴൽതൊഴുന്നെന്നിൽ കനിവുണ്ടാകണം
കരുണക്കാതലേ, കനിവോടെ.

കമല തന്നുടെ കരതളിർ തന്നാൽ
കലിതമായൊരു കഴലെന്നിൽ,
വിലസേണം ചെമ്മേ മറവില്ലാതോരു
മുകരംതന്നിലെ മുഖംപോലെ.

നെടിയോരന്തകൻ കൊട്ടുതായെങ്ങളെ-
ക്കുട്ടുതായല്ലോ വന്നണയുന്നു,
കമലക്കൺമുന കനിവോടെങ്ങളോ-
ടണയേണ്ടുംകാലമണഞ്ഞുതെ.

ഇനിയുമെങ്ങൾക്കു ജനനി തന്നുടെ
ജഠരം പൂവാനോ മടിയുണ്ടേ.
അതിൻ നിന്നുടെ കരുണയില്ലായ്കിൽ.
കഴിവില്ലേതുമേ കടൽവണ്ണ!

പെരുതായുള്ളോരു ദുരിതവാരിധി-
തരണമെങ്ങഠംകുതരവേണം.
അതിനു നിന്നുടെ ചരണസേവയാ-
മരിയോരുതോണി യരുളേണം.

അടിമയായീ പുക്കോരിവരെ ഞാനെന്നും
വെടിയുന്നില്ലെന്ന നിനവാലേ,
അഴൽതീർത്തീടും നിൻകഴലിൽ ചേർപ്പോരു
കനിവുണ്ടാകേണം ഭഗവാനേ!

ചെറുശ്ശേരി.



കഴൽ=കാൽ. കമല=ലക്ഷ്മി. മുകുരം=കണ്ണാടി. ജഠരം=വയർ.
ദുരിത.....തരണം=സങ്കടക്കടൽ കടക്കൽ.

2. ഒരു സൂര്യോദയം.

—*—

മൂന്നു ദിവസം കഴിഞ്ഞു — സൂര്യൻ
തന്നുടെ രശ്മി ക്രൂടാതെ.
നാലാംദിവസ മുദിച്ചു — ദിശി
യെയിലും പരക്കെപ്പരന്നു.
വിപ്രന്മാരുക്കു തുടങ്ങി — യിരു-
ളെപ്പേരും നീങ്ങിയടങ്ങി.
താമരപ്പൂക്കൾ വിരിഞ്ഞു — ഭൂവി
താമസിയാതെ വിളങ്ങി.
ഹോമങ്ങൾ നീളെത്തുടങ്ങി — യപ്പോൾ
ധൂമങ്ങൾ പൊങ്ങിത്തുടങ്ങി.
എല്ലാരും വാതിൽ തുറന്നു — ഗൃഹ-
മെല്ലാ മടിച്ചുതളിച്ചു.
ദേവാലയങ്ങളിൽ പൂജാ — ബലി
ശീവേലി ഘോഷം തുടങ്ങി.
സ്ത്രീകളുട്ടുക്കളതന്നിൽ — ചെന്നു
പാകാദികർമ്മം തുടങ്ങി.
ചോരന്മാരോടിയൊളിച്ചു — നൽക്കു-
മാരന്മാർ ചാടിക്കളിച്ചു.

നീലവതി. കഞ്ചൻനമ്പ്യാർ.

—*—

3. ഭക്തി.

കോലകങ്ങളിൽ സേവകരായിട്ട
കോലംകെട്ടി ഞെളിയുന്നിതു ചിലർ;
ചഞ്ചലാക്ഷിമാർ വീട്ടുകളിൽ പുക്കു
കുഞ്ചിരാമനായാടുന്നിതു ചിലർ;
ശാന്തിചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ;
ക്രൂടിയല്ലാ പിറക്കുന്ന നേരത്തും;
ക്രൂടിയല്ലാ മരിക്കുന്ന കാലത്തും;
മധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ.
അർത്ഥമോ പുരുഷാർത്ഥമിരിക്കവേ,
അർത്ഥത്തിനു കൊതിക്കുന്നതെന്തു നാം?
മധ്യാഹ്നാർക്കപ്രകാശമിരിക്കവേ,
ഖദ്യോതത്തെയോ മാനിച്ചുകൊള്ളേണ്ടു?
ഉണ്ണിക്കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
ഉണ്ണികൾ മറു വേണമോ മക്കളായ്
വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും.
അഹ്നം പുനരമ്മയുമുണ്ടല്ലൊ
രക്ഷിച്ചീടുവാനുള്ള നാളൊക്കെയും.

ചഞ്ചലാക്ഷിമാർ=സ്ത്രീകൾ. അർത്ഥം=ധനം. പുരുഷാർത്ഥം=ധർമ്മാർത്ഥകാമമോക്ഷങ്ങൾ. മദ്ധ്യാഹ്നാർക്കൻ=നട്ടുച്ചസ്സൂര്യൻ. ഖദ്യോതം=മിന്നാമിനുങ്ങു. ധാത്രി=ഭൂമി.

* 4. വൃദ്ധവാനരൻ.


മനം കൊണ്ടിങ്ങിനേ ചിന്തി-
ച്ചനങ്ങാതങ്ങൊരു മൂത്ത
കുരങ്ങിന്റെ വടിവായി-
ച്ചമഞ്ഞു കൈകളും കാലും
കുഴഞ്ഞു വാലുമക്കാലം
മെലിഞ്ഞ കൈകളെക്കൊണ്ടു
ചൊറിഞ്ഞു, രോമമെപ്പേരും
കൊഴിഞ്ഞു, മേനിയും ചുക്കി-
ച്ചുളിഞ്ഞു, കണ്ണിനു കാഴ്ച
കുറഞ്ഞു, പീളയും വന്നു
നിറഞ്ഞു, താൻ വഴിയിൽച്ചെ-
ന്നുറച്ചു, നേത്രവും ചിമ്മി-
ഗ്ഗയിച്ചു, മൂന്നു ലോകങ്ങളും
ജയിച്ചുള്ള മഹാവീരൻ.

നമ്പ്യാർ.

---

* കല്യാണസൌഗന്ധികം കഥയിൽ ഭീമൻ പുഷ്പം പറിക്കാൻ പോകുമ്പോൾ, മാർഗ്ഗമദ്ധ്യേ കണ്ട സപ്തജ്യേഷ്ഠനായ മാരുതി.

5. അമ്മു കൊണ്ട പക്ഷി.



(മഞ്ജരി)

പൂങ്കാവിലെങ്ങു മിളങ്കാറു വീശിയും
തേങ്കിനിയുന്ന മലർ വിരിഞ്ഞും,

നല്ല വസന്തനാളെങ്ങും കളിക്കവേ
മെല്ലേ വടക്കു ഹിമാദ്രി നോക്കി,

ക്രൂടണഞ്ഞീടുവാൻ കാട്ടരയന്നങ്ങൾ
ക്രൂട്ടമായ്ക്രൂകി പ്പറന്നിടുമ്പോൾ,



ക്രൗഞ്ചം ഞാണിൽത്തൊടുത്തുവിട്ടാകാശ-
ചാരിയാം പക്ഷിതൻ പൊഞ്ചിറകിൽ,

ചോര പുരളുമാറൂഴിയിൽ വീഴ്ത്തിനാൻ
നേരംപോക്കായൊരു രാജപുത്രൻ.

സിദ്ധാർത്ഥബാലകൻ, ലോകത്തെ സ്നേഹത്താൽ
ബദ്ധമാക്കീടിന ഭാവിബുദ്ധൻ

വീണ പിടയുമാപ്പക്ഷിയെ ചെന്താരിൻ-
ചേണാർന്ന തൂക്കൈയാൽ ചെന്നെടുത്തു.

പൂഞ്ചിറകൊട്ടു മിനുക്കിയും, പുൽകിയും,
നെഞ്ചിടിപ്പല്പം കുറച്ചുകൊണ്ടും,

മെയ്യിലെക്ക്രൗഞ്ചബാണമൂരിയുണങ്ങുവാൻ
പയ്യേ മുറികളിൽ തേൻപുരട്ടി,

പൊട്ടിച്ചു പൈതൽ കുളത്തോരിളം തളി-
രൊട്ടിച്ചുതിന്മീതെ, യോമനിച്ചു.

നോവെന്നതെന്തെന്നറിയാത്ത ബാലകൻ
പൂവൽക്കരത്തിൽകടത്തി നോക്കി

ക്രൗഞ്ചിൻ തുമ്പൊന്നപ്പക്ഷി പൊഴുതൊരു
പാരിച്ച നോവു പരീക്ഷിക്കുവാൻ.

കണ്ണനീരോലോല വാത്സ്യ കരഞ്ഞുപോ-
യുണ്ണിയുംത്താപമൊതുങ്ങീടാതെ.

* * * * * *

ബാലശ്രുശ്രൂഷയാലാലസ്യം കൈവിട്ട-
ച്ചേലേറും പക്ഷി പറന്നുപോയി!

ജീവകാരുണ്യത്തിൻ കാതലായ്മേവിന
പാവനാത്മാവല്ലോ ബുദ്ധദേവൻ.

പള്ളത്തു രാമൻ.



ഹിമാദ്രി=ഹിമാലയപർവ്വതം. ആകാശചാരി=ആകാശത്തിൽ സഞ്ചരിക്കുന്നത്. ബദ്ധമാക്കുക=കെട്ടുക. ചേണാറ=അഴകേറിയ.

6. രാവണോദ്യാനത്തിൽ ചെന്ന ഹനുമാൻ.

രാക്ഷസരെക്കണ്ടു പോയീല നാംമെങ്കിൽ
ആക്ഷേപിക്കും നമ്മെ രാക്ഷസരും,
മക്കടവീരന്മാരുണ്ടു നാം ചെല്ലുമ്പോൾ
ധിക്കരിക്കും നമ്മെ നാരായണ!

ജാനകീചോരനെ തേജോവധംചെയ്തു
ഞാനിപ്പുരി ചുട്ടപോയില്ലെങ്കിൽ,
ജാനകീവല്ലഭനുള്ളിലുണ്ടാം ബഹു-
മാനക്ഷയം നമ്മിൽ.....

ഇത്ഥംനിനച്ചവനുദ്യാനത്തിൽ പുക്കു
മത്തഗജം കണക്കെ ഹനുമാൻ
ഉത്തമവൃക്ഷങ്ങൾ പെട്ടെന്നു പൊട്ടിച്ചു
പുത്തൻപൂവല്ലിയും.....

തെച്ചിമലരൊക്കെ ത്തച്ചുപൊട്ടിച്ചിട്ടു-
മുച്ചമലരി പറിച്ചെറിഞ്ഞും;
പിച്ചകവല്ലി പറിച്ചു തിരുമ്മിയു-
മൊച്ച കൊള്ളിപ്പിച്ചു.....

ആനകണക്കെ മദിച്ചു തിമത്തവൻ
കാനകനാറി പറിച്ചെറിഞ്ഞും;
ഊനം വരുത്തിനാൻ ചെമ്പകം ചേമന്തി
ചെമ്പരുത്തിയേയും.....

ഒപ്പത്തിൽ നട്ടനനച്ചുയന്നീടുന്ന
കല്പക വൃക്ഷം പറിച്ചെറിഞ്ഞും
ശില്പംപെരുകിന പൂവല്ലിവൃക്ഷങ്ങ-
ളെപ്പേരും ഭഞ്ജിച്ചു.....

എഴുത്തച്ഛൻ.



ജാനകീചോരൻ=സീതയെക്കട്ടുകൊണ്ടുപോയ കള്ളൻ (രാവണൻ).
ജനകീവല്ലഭൻ=രാമൻ. മത്തഗജം=മദയാന. ഭഞ്ജിച്ചു=തകർത്തു.

7. പരുക്കേറ്റ കുട്ടി.

അരികത്തമ്പോടു വരുന്നുണ്ടമ്മ, ഞാൻ
കരയായ്മോമനേ, കരംവാടി
പുരികവും കണ്ണും ചുളിച്ചു നീ വിങ്ങി-
ക്കരയായ്മോമനേ, വരുന്നു ഞാൻ.
പനിനീർച്ചമ്പക ച്ചെറുമുള്ളേറുനിൻ
കരുന്ന കൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽ കയറിവീണോമൽ
ചെറുകാൽ മുട്ടുകും ചതഞ്ഞിതേ!
മറിച്ചിട്ടീപ്പടം മുകളിൽ നിന്നയ്യോ!
മുറിച്ചിതേ പൊന്നിൻ നിറുകയും;
മുറിയിൽ കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.
കരുതേണ്ട തല്ലുമിതിനായ്ഞാനെന്നു
കരയേണ്ട, നോവു മകന്നുപോം;
അറിയാപ്പൈതൽനീ കളിയാടിയേറ-
മുറിവു ഭ്രഷണം നിനക്കുണ്ണീ!
ഉരച്ചീവണ്ണ മാക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ.
സ്മരിച്ച പുഷ്പത്തെയളിപോലെ കുട്ടി
ചിരിച്ചാൻ കാർനീങ്ങും ശശിപോലെ.

കുമരനാശാൻ.

ആ ക്ഷതം=ആ മുറിവു്. സ്മരിച്ച=വിരിഞ്ഞ, തെളിഞ്ഞ. അളി=വണ്ടു്. ശശി=ചന്ദ്രൻ.

8. മിഥ്യാപവാദം.

(പ്രസേനൻ നായാട്ടിനുപോയപ്പോൾ, ഒരു സിംഹം അവനെസ്സും ഹരിച്ചു. സ്യമന്തകരത്നം ജാംബവാന്റെ അധീനതയിലായി. സത്രാജിത്തിന്റെ കൈയിൽ ഈ രത്നം പണ്ടു കൃഷ്ണൻ കണ്ടിരുന്നു. ആ രത്നത്തിൽ കൃഷ്ണനു ആശയുണ്ടായിരുന്നുവെന്നും കൃഷ്ണനാണ് പ്രസേനനെ ക്കൊന്ന് രത്നാപഹരണം ചെയ്തതെന്നും ജനാപവാദം നടന്നു.)

കാലത്തിന്റെ പകച്ച് നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ;
വേലികഠിനതന്നെ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു?

കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പൊഴുമില്ലൊരു സുഖമറിയേണം.
വീട്ടിലിരിപ്പാൻ വശമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരുകാലം.

കാട്ടിൽചെന്നും കൊന്നുപറിക്കും
ക്രൂരമതിപ്പോളുണ്ടായ്വന്നു.
നാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും.

നല്ലമനോഗുണമുള്ള ജനത്തെ
കൊല്ലാനിന്നൊരു മടിയില്ലേതും.
പത്തമ്പതുപറനെല്ലുണ്ടെന്നുടെ
പത്തായങ്ങളിലളവേ കണ്ടതെ-

ടുത്തുകൊടുത്തെൻ വിത്തും ക്രുലിയു-
മെത്താനൊരുവഴി കണ്ടതുമില്ല;
പത്തായത്തിനുറപ്പും പോരാ;
കാത്തുകിടപ്പാനാളും പോരാ;

കട്ടുനടക്കും ദുഷ്ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാന്താനും;
തുമ്പകിളച്ചും, ചേമ്പുകഠനട്ടും,
തുവരകഠം വഴതും, വാഴകഠം വെച്ചും,

നമ്പൂരാരുടെ പുറകെ നടന്നി-
ട്ടിമ്മിണി മുതലു നമുക്കുണ്ടായതു
പാടേ കട്ട മുടിച്ചെന്നാകിൽ
പാളപിടിച്ചു നടക്കേയുള്ളു;

ഏതാനും ചില കാളകളുള്ളതു-
മേതൊരുദിക്കിൽ സൂക്ഷിക്കേണ്ടു?
കാളകളേയും, മൂരികളേയും
കള്ളനു കപ്പാൻ വിരുതേറീടും;

എള്ളു വിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെ വായിൽത്തന്നെ.
കള്ളന്മാരതു കട്ടു ഭുജിച്ചാൽ
പള്ളപൊറുപ്പാനവതുമില്ല.

സ്യമന്തകം തുള്ളൽ.

കഞ്ചൻ നമ്പ്യാർ.

———

9. കുന്നേറ്റത്തു കുടയാക്കി.

—:*:—

(ഉണ്ണിക്കൃഷ്ണൻ അമ്പാടിയിൽ വസിക്കുന്ന കാലത്തു, നന്ദഗോപർ പതിവുപോലെ ഇന്ദ്രപൂജയ്ക്കുള്ള ഒരുക്കങ്ങളും തുടങ്ങി. ഇന്ദ്രനെ പൂജിച്ചിട്ടാവശ്യമില്ലെന്നും, ഇന്ദ്രനല്ല ജലപുഷ്ടിക്കു കാരണഭൂതനെന്നും ഗോപന്മാരുടെ കുലധനമായ പാല്ക്കുള്ള തൃണവും ജലവും നൽകി രക്ഷിക്കുന്നതു ഗോവർദ്ധനപർവ്വതമാകയാൽ അതിനെയാണ് പൂജിക്കേണ്ടതെന്നും കൃഷ്ണൻ പറഞ്ഞു. ഗോപന്മാർ ഗോവർദ്ധനപൂജ നടത്തി. ഇന്ദ്രൻ കോപിച്ചു ഏഴു ദിവസം ഘോരമാരി വർഷിച്ചു, ഗോകുലത്തെ കഷ്ടത്തിലാക്കിയപ്പോൾ, കൃഷ്ണൻ ആ ഏഴു ദിവസവും കുന്നേറ്റത്തു കുടയാക്കിപ്പിടിച്ചു ഗോപന്മാരേയും ഗോക്കളേയും അതിന്റെ കീഴിലാക്കി രക്ഷിച്ചു).

"എങ്കൈയിലുള്ളോരു വങ്കുന്നിൻകീഴിലെ
വന്നിങ്ങു നുഴവിൻ നിങ്ങളെല്ലാം"
വല്ലവന്മാരെല്ലാമെന്നതു കേട്ടപ്പോൾ
വല്ലവിമാരോടും ക്രുദ്ധിച്ചുമേ
ബാലകന്മാരെയും പൂണ്ടുകൊണ്ടങ്ങനേ
ചാലേനടന്നതിൻ കീഴിൽ പുക്കാർ.
കന്നുകിടാക്കളും കാലിയും മറ്റെല്ലാം
കുന്നിന്നു കീഴിലങ്ങായനേരം
താനങ്ങു തന്നുടെ പൊൽക്കുഴലൂതിനി-
ന്നാനന്ദഗാനം തുടങ്ങിനാനേ.
പൈകൊണ്ടുമേവുന്ന ദിനത്തേയന്നേരം
പൈതങ്ങളംപോലുമറിഞ്ഞതില്ലേ.
"വങ്കുന്നു പൂടീട്ടു വന്മഴ പെയ്യുമ്പോൾ
തങ്കുലം കാക്കുന്ന തമ്പുരാനേ!
നിങ്കനിവേകിനിന്നെങ്കൽ നീയെന്നുമേ
സങ്കടം പോക്കുവാൻ കുമ്പിട്ടുന്നേൻ.

മാരി വരുന്നേരം നൽക്കുട ചൂടുവാ-
നാരുമൊരുത്തരും താരാഞ്ഞാരോ?
കുന്നു ചുമന്നിട്ടു വെണ്ണചുമന്നുള്ളോ-
രുണ്ണിക്കെ നോവുന്നതില്ലയോ ചൊൽ?
കുന്നു ചുമക്കേണ മെന്നങ്ങു ചിന്തിച്ചോ
വെണ്ണ ചുമന്നിട്ടു ശീലിച്ചു നീ.
വെണ്ണയെന്നോത്തിട്ടു കുന്നിനെത്തന്നെയും
മെല്ലവെ വായിലങ്ങാക്കൊല്ലാതെ."
പൈതലായുള്ളോരു കണ്ണന്റെ ചൊൽകേട്ടു
പൈതങ്ങളോടു കൂ ന്നെല്ലാരും
കുന്നിന്നുകീഴിലെ ന്തുണ്ടോരു നിങ്ങളി-
ക്കുന്നുതാൻ വീഴുമെന്നോക്കേണ്ടാതേ.

കൃഷ്ണഗാഥ. ചെറുശ്ശേരി.

—:*:—


10. മാടപ്പിറാവു്.

1. തത്തിക്കളിച്ചും, വരിനെല്ലു മെല്ലെ-
ക്കൊത്തിക്കൊറിച്ചും, ചിറകിട്ടടിച്ചും
പാടത്തു കണ്ണും കരളും കവന്ന
മാടപ്പിറാവേ, വരികെന്റെ ചാരേ.

൪. വിശുദ്ധിയല്ലാതൊരു ചീത്ത ചിന്ത
വിളഞ്ഞിടാതുള്ളൊരു നിന്മനസ്സും;
നനുത്ത പൂമ്പട്ട തൊഴ്ത്തംവപുസ്സും
കൊതിക്കുമേ കൊച്ചുകിടാങ്ങൾ ഞങ്ങൾ.

൫. അടുത്തമാവിൽ ചെറു കൂട്ടുകെട്ടി-
ക്കുട്ടംബസൌഖ്യത്തോടു പാറ്റുതില്ലേ?
കിടാങ്ങളില്ലേ? ചെറുപാഠശാല
ചെടിപ്പടപ്പോ—ഗുരുവാരു ചൊൽക?

പള്ളത്തു് രാമൻ.



ചീത്തചിന്ത=ദുഷ്ചിന്ത. നിന്റെ മനസ്സും ശരീരവും ഒരുപോലെ നിർമ്മലമാണെന്നു ഭാവം. വപുസ്സ്=ഉടൽ.

11. പുത്രദുഃഖം.

ഉണ്ണിക്കുമാര! ചതിച്ചിതോ പൈതലേ!
കണ്ണും നിറുത്തിക്കിടക്കുന്നതെന്തു നീ?
മണ്ഡിച്ചിടുന്ന കിഴട്ടുപിതാവിന്റെ
പിണ്ഡത്തിനാരു നീയല്ലാതെ മക്കളെ!

പൊന്നും ചിലമ്പും പുലിനഖവും നല്ല
മിന്നുന്ന മാലയും തുലുമണിഞ്ഞു നീ
പിന്നീന്നു മണ്ടിക്കളിച്ചുവന്നെന്നുടെ
കണ്ണുകഠം പൊത്തിക്കഴത്തിൽ കരേറീട്ടു,

കണ്ണാടി മിന്നും കഷണ്ടിയിൽ കാണുന്നൊ-
രുണ്ണിയെക്കൈകൊണ്ടു മാടി വിളിക്കയും;
വെണ്ണയും ചോറും പഴം പഞ്ചസാരയും
കിണ്ണത്തിൽ പാലും നിറയെപ്പകർന്നുവെ-

ച്ചുണ്ണുവാനമ്മ വിളിക്കുന്ന നേരത്തു
മണ്ണു വാരി ക്കളിച്ചോടി നടക്കയും;
എണ്ണം പലതിവ കണ്ടു സുഖിപ്പതി-
നെന്നു കഴിവു വരുന്നെനിറ ദൈവമേ!

ഒക്കത്തെടുപ്പാനൊരുണ്ണിയില്ലാഞ്ഞിട്ടു
ദുഃഖിക്കുമാറായി വന്നു ഞാനിങ്ങിനെ.
മക്കളില്ലാത്ത മനുജക്കൊരിക്കലും
സൽഗതിയില്ലെന്നു ചൊല്ലുന്നു സത്തുക്കൾ.

സന്താനഗോപാലം കിളിമാനൂർ, വിദ്വാൻ കോയിത്തമ്പുരാൻ.

12. ഉദയസൂര്യൻ.

കുളിർകാറ്റേറ്റു ക്രുത്താട്ട-
മിളംകിളികൾ പാടവേ,
ഉദയപ്പൊന്മലയിൽ നി-
ന്നുയർന്നു ബാലഭാസ്കരൻ.

ഇരുളാമാനയെക്കൊന്നു
പുരളും രക്തധാരയാൽ
കിഴക്കൻ മലയിൽകാന്തി-
യൊഴുകും ബാലസിംഹമോ?

പുലർകാലത്തു പൂത്തുള്ള
പലമാതിരി പൂക്കളെ
മുപ്പാരിൻ ദൃശ്യദേവന്റെ
മുമ്പിലർപ്പിക്കയോ മഹി?

പള്ളത്തു രാമൻ.

ഉദയപ്പൊന്മല=ഉദയപർവ്വതം. ബാലഭാസ്കരൻ=കുട്ടിസ്സൂര്യൻ. ഇരുളാമാനെ=ഇരുളുകുന്ന ആനെ. ആനയും ഇരുട്ടും ഒരുപോലെ. കുട്ടിസ്സൂര്യനെ, ഇരുട്ടുകുന്ന ആനയെ,ക്കൊന്ന് ചോര ചിന്നിയ സിംഹക്കുട്ടിയോട് തുല്യമാക്കിയിരിക്കുന്നു. ഉദയസമയം ചുകപ്പുനിറമുണ്ടാകുമല്ലൊ. കിഴക്കൻമല=ഉദയപർവ്വതം. മുപ്പാരിൻ ദൃശ്യദേവൻ=മൂന്നു ലോകത്തിനും ദൃശ്യനായ (കാണപ്പെടാവുന്ന) ദേവൻ (സൂര്യൻ). മഹി=ഭൂമിദേവി. പലമാതിരി പുഷ്പങ്ങളും പുലർകാലത്തു വിരിയുന്നതു്, ഭൂമിസൂര്യനു് അവയെ കാഴ്ചവെച്ചു് വണങ്ങുകയാണോ എന്നു തോന്നും.

13. കുചേലയാത്ര.

—:*:—

കീറിമുഷിഞ്ഞൊരു മുണ്ടിന്റെ കണ്ടത്തിൽ
ക്രൂരോടെ നന്നായ്യരിഞ്ഞു കെട്ടി
ചെമ്മേ കുചേലന്റെ കൈയിൽ കൊടുത്തിതു
നന്മവരും നാളിലെന്നു ഞായം.

യഷ്ടിയുമൂന്നിയെഴുന്നേറു വൈകാതേ
ഇഷ്ടത്തിൽ തന്റെ കുടയെടുത്തു,
കാലുമലകുമേയുള്ള കുടയ്ക്കിപ്പോ-
ളോലവിശേഷിച്ചുങ്ങില്ലയല്ലോ.

അന്തഃജനത്തോടു യാത്രയും ചൊല്ലീട്ട-
ങ്ങന്തമ്മോദേന കുചേലനപ്പോഠം,
ദ്വാരകനോക്കി നടന്നവനമ്പോടു
നാരായണസ്വാമി തന്നെക്കാണ്മാൻ.

ഒട്ടുനടന്നുമിരുന്നും നടന്നിട്ടു
മുട്ടുകടഞ്ഞങ്ങിരിക്കും പിന്നെ;
മെല്ലെയെഴുന്നേറു മെല്ലെ നടന്നിട്ടും
മല്ലാരിയെക്കാണ്മാൻ മോഹിച്ചിട്ടും;

നാലഞ്ചുവാസരംകൊണ്ടു മഹീസുരൻ
പാലാഴിമാധവൻ കാന്തൻതന്റെ

ദ്വാരക തന്നിലകംപുക്ക നേരത്തു്
ദ്വാരപാലന്മാരും കണ്ടു ചൊന്നാർ.

കാലനുണ്ടിങ്ങോട്ടു പോന്നുവന്നിട്ടിപ്പോൾ
കാലവിശേഷമോ മറെറാന്നില്ല;
അന്തികേ വന്നവർ നോക്കുന്ന നേരത്തു്
അന്തകനല്ലിവ്വനന്തണൻതാൻ.

ഏറെറം കറുത്തു മെലിഞ്ഞ ശരീരവും,
മുറുമിതൊന്നേ യങ്ങോത്തുകണ്ടാൽ
എല്ലുകൊണ്ടിങ്ങിനെ നിർമ്മിച്ചുകൊള്ളുവാൻ
വല്ലഭമുള്ളവൻ കണ്ടാനല്ലോ.

നേത്രങ്ങൾ രണ്ടിതു നിർമ്മിച്ചതെങ്ങിനെ
കൃത്രിമവൻകഴിയെന്നപോലെ
അംഭോജസംഭവൻ നിർമ്മിച്ച ബാഹ്യക-
ളംഭോജവല്ലിമേൽ പുഷ്പംപോലെ.

ഭ്രമിക്കു തുണായി നിർമ്മിച്ചു പണ്ടു താൻ
ഭ്രമീസുരോത്തമൻ പാദം രണ്ടും.

കണ്ടവരിങ്ങിനെ ചൊല്ലുന്ന നേരത്ത്
തണ്ടാരിൽ മാധവൻ കാന്തൻതന്നെറ

ചാരത്തു വന്നങ്ങു നില്ക്കും കുചേലനെ-
പ്പൂരിച്ച മോദേന കണ്ടു കൃഷ്ണൻ.

കുചേലവൃത്തം.



യഷ്ടി=വടി. അന്തമ്മോദേന=ഉള്ളിൽ സന്തോഷത്തോടെ. മല്ലാരി=കൃഷ്ണൻ. പാലാഴിമാതു=ലക്ഷ്മി. തൻകാന്തൻ=കൃഷ്ണൻ. അംഭോജസംഭവൻ=താമരപ്പൂവിൽ പിറന്നവൻ (ബ്രഹ്മാവു്). അംഭോജവല്ലി=താമരവള്ളി. ഭൂമീസുരോത്തമൻ=ബ്രാഹ്മണശ്രേഷ്ഠൻ. തണ്ടാരിൽമാതു്=ലക്ഷ്മി.

14. മഹദ്വാക്യങ്ങൾ.

മുള്ളുള്ളവൃക്ഷങ്ങളൊട്ടകത്തിന്നിഷ്ട-
മുള്ളതിലാഗ്രഹം മാനിന്നിളം പുല്ല്.

*　　*　　*

മണമുള്ളൊരു കുസുമങ്ങൾ തിരഞ്ഞി-
ട്ടണയുന്നില്ലേ വണ്ടുകളെങ്ങും?

നമ്പ്യാർ.

*　　*　　*

തന്നത്താനറിയാത്ത ജളന്മാർ
തന്നുടെ കനമതു താനേ കളയും.

സത്യാസ്വയംവരം.

പ്രത്യുപകാരം മറക്കുന്ന പുരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും

രാമായണം.

ഈറുപാമ്പു കടിപ്പാനായ് ചീറിവന്നങ്ങടുക്കുമ്പോൾ
ഏറുനിന്ന നല്ലവാക്കു പറഞ്ഞാൽ പറകില്ലേതും.

പഞ്ചേന്ദ്രോപാഖ്യാനം.

*　　*　　*

വെയിലെന്നും മഴയെന്നും രാവെന്നും പകലെന്നും
വാലേതു തലയേതെന്നറിയാത്ത പുരുഷന്മാർ
കോലുന്ന പരിഹാസം പറഞ്ഞിട്ടും ചിരിച്ചിട്ടും
കാലങ്ങൾ വൃഥാതന്നേ കഴിക്കുന്നു മരിക്കുന്നു.

* * * *

ഒട്ടേറെയറിവുള്ള ഭട്ടേരി പറഞ്ഞാലും
പട്ടാങ്ങിനൊത്തീലെന്നാൽ നിശ്ചയിച്ചേ നടക്കാവൂ.

ത്രിപുരദഹനം.



പട്ടാങ്ങ്=സത്യം.

15. പഞ്ചവണ്ണക്കിളി.

(മഞ്ജരി).

പുഞ്ചനെൽപാടങ്ങൾപുഞ്ചിരിക്കൊൾകവേ,
കൊഞ്ചിയും പൂഞ്ചിറകിട്ടടിച്ചും,
ചെഞ്ചെമ്മേ ചാഞ്ചാടി വാണു മലനാട്ടിൽ
പഞ്ചവണ്ണക്കിളിയൊന്നു മുന്നം.

ഓമനിച്ചാരോ ചെറുപ്പത്തിൽ തന്നെയാ-
കോമളത്തത്തയെ ക്കൂട്ടിലിട്ടു.
കേട്ടു പഠിച്ചിതു കേരളത്തായ്മൊഴി
കൂട്ടിൽ കിടക്കുമാത്തത്തക്കുട്ടി.

ഇങ്ങനെ വാഴ്കവേ, വന്നു പരദേശി
വാങ്ങിയപ്പക്ഷിയേക്കൊണ്ടുപോയി.
തന്നാട്ടുകാരോടും, തായ്മൊഴിയോടുമാ-
യെന്നെന്നും പൈങ്കിളി യാത്രചൊല്ലി.

ചാടിച്ചിലച്ചു നടന്ന നെൽപാടവും
പാടേ പഴുത്തുള്ള മാങ്കനിയും,
പൊന്നിറം പൂണ്ടുള്ള വാഴപ്പഴങ്ങളും
മിന്നും തന്നാട്ടിനെയോർക്കും പാവം!

കേരളം വിട്ടന്ന തൊട്ട മിണ്ടാട്ടവും,
കേളീവിലാസവും നാളിൽ നാളിൽ
കാണെക്കുറഞ്ഞുടങ്ങിയ പ്പൈങ്കിളി-
ക്കുണില്ലുറക്കില്ലനക്കമില്ല.

ഏതൊരുനാട്ടു പിറവിതനിക്കേകി?
യേഴുനാടേകിയോ കായ്കനികൾ?
ഏഴുതായാർമൊഴി കേട്ടുപഠിച്ചിതാ-
മാതൃഭ്രവിങ്കൽ നിന്നെത്തിയാരോ?

തായ്മൊഴിതന്നിലത്തത്തയോടാഗതൻ
ഓമനിച്ചന്നേരമോതീടവേ,
പ്രതൃത്തരമതേ ഭാഷയിൽ പൊല്ലിയ-
ത്തത്തമ്മ തത്തിക്കളിച്ചു കൂട്ടിൽ.

പക്ഷം കുടഞ്ഞും ചിലച്ചുമാപ്പൈങ്കിളി
തൽക്ഷണമക്കൂട്ടിൽ ചത്തുവീണു.
മത്സ്യനമാത്രമോ, പാരിൽപറവയ്ക്കും
ചിത്തഗുണം നൽകീ ചിത്സ്വരൂപൻ.

പള്ളത്തു് രാമൻ.

മലനാട്ട്=മലയാളരാജ്യം. കേരളത്തായ്മൊഴി=മലയാളമാകുന്ന മാതൃഭാഷ.

16. സീതാന്വേഷണം.

—:*:—

അകായിൽ പുക്കടൻ രാമൻ
നോക്കീമുറിയിലൊക്കെയും.
അടുത്തും ദൂരെയും ചുറും
പാഞ്ഞന്വേഷിച്ചു ലക്ഷ്മണൻ.

അലച്ചു ചുറുന്ന കാട്ടിൽ
സീതപോറിയ പൈങ്കിളി
അങ്ങങ്ങുഴന്നു നില്ക്കുന്ന
ദേവി പാലിച്ച മാൻനിര.

സീതേ, സീതേ, യെന്നുരാമൻ
വിളിച്ചങ്ങങ്ങു തേടിനാൻ.
ആയ്യേ, ആയ്യേ, യെന്നുഴന്നു
ലക്ഷ്മണൻ വിളിക്കുട്ടിനാൻ.

പുഴക്കടവിലും, വള്ളി-
ക്കെട്ടിലും പുലിനത്തിലും
പോയിനോക്കീടിനാർ രണ്ടു-
പേരുമപ്പുഴ തന്നിലും.

നോക്കീ ശിലാതലത്തിങ്കൽ-
ച്ചുമന്നുള്ളായതന്നിലും,

നോക്കി രാഘവർ ദേവിക്ക-
ങ്ങിഷ്ടമാം ദിക്കിലൊക്കെയും.

അയ്യോ! സീതേ, ജനകജേ
യെന്നെയെൻ പ്രാണനായികേ,
ഈ വനത്തിലുപേക്ഷിച്ചി-
ട്ടെങ്ങുനീ പോയതോമലേ,

അയ്യോ കത്തുന്നു ഹൃദയം;
മങ്ങുന്നു കാഴ്ച ലക്ഷ്മണ,
ചുഴറുന്നു പമ്പരം പോ-
ലെല്ലാമെൻ മുമ്പു ദുർവ്വിധി.

ബാലരാമായണം. ആശാൻ.



ശിലാതലം=പാറപ്പുറം. ജനകജ=സീത.

17. കുന്തിയും പാണ്ഡവന്മാരും.

—:*:—

അംബുജ വൈരികുലത്തിലുള-
വാകിയ പാണ്ഡവരഞ്ചും
അമ്മയുമായൊരു നാളിലര-
ക്കില്ലവും വെന്തു നടന്നു.

അന്നവിലദ്വാരം പുക്കു കുന്തി-
പുത്രരുമായ് നടകൊണ്ടു.
മാതുപ്പുഴയ്ക്കലും ചെന്നു കുന്തി
തീരം കടപ്പതിന്നായി.

തോണിപ്പുഴയുടയോനെ ക്കണ്ടു-
വേദനയോടെ പറഞ്ഞു.
തോണിപ്പുഴയുടയോനേ എന്നെ-
യക്കരക്കങ്ങിറക്കേണം.

തോണി കടത്തേണമെങ്കിൽ തോണി-
ക്കൂലിയെടുപ്പിൻ വൈകാതെ.
തോണിക്കൂലിയ്ക്കൊരുപായം കഴി-
വില്ലാപുഴയുടയോനേ!

കൂലിക്കുപായമില്ലെങ്കിൽ നിന്റെ
ബാലരിലൊന്നു തന്നാലും!
അഞ്ചിതം നെഞ്ചിൽക്കരുതി കുന്തി
ചഞ്ചലം പൂണ്ടങ്ങുഴന്നു.

അന്നേരം ഭീമൻ പറഞ്ഞു തന്റെറ
മാതാവിനോട്ട സദ്ദശം
ഞാനുമിവിടെ നിന്നീടാം നിങ്ങളം
വേഗം കടന്നങ്ങു പോവിൻ!

എന്നതു കേട്ടോരു നേരം കുന്തി
നേത്രാംബു മാവ്വിലൊഴുക്കി
വമ്പൻപുഴയുടയോന്റെറ കൈയിൽ
പുത്രനെ മെല്ലെ കൊടുത്തു.

ധർമ്മസഹോദരന്മാരും കുന്തി-
വന്ദിച്ചു തീരം കടന്നു.
ആടലായ്മാതാവിനപ്പോൾ-മന്ദം
ചെന്നിതു വെള്ളിശ്രീയാൽക്കൽ.

ആൽത്തറ കേറിയിരുന്ന തന്റെറ
പുത്രനെയോത്തു കരഞ്ഞു.

അന്നേരം ധർമ്മജൻ ചൊല്ലി മാതു-
ദുഃഖം കെട്ടപ്പാനുപായം
നാലുനാളുള്ളിലിവിടെ യെന്റെറ
സോദരൻ വന്നിടുമമ്മേ!

പ്രാചീനകൃതി.

അംബുജം=താമര (താമരയുടെ വൈരി ചന്ദ്രൻ). കുലം=വംശം, ചന്ദ്രവംശം. നേത്രാംബു=കണ്ണീർ. ധർമ്മസഹോദരന്മാരും=ധർമ്മപുത്രരുടെ സോദരന്മാരും. ആടൽ=വ്യസനം. ധർമ്മജൻ=ധർമ്മപുത്രൻ.

18. ഹിതോപദേശങ്ങൾ.

—:*:—

ധനം രക്ഷിച്ചു കൊള്ളായ്കി-
ലനത്ഥ, മതുകെട്ടുപോം.
മനംവെച്ചോക്ക ദ്ദിഷ്ടാന്ത-
ത്തിനക്കർപ്പൂരമില്ലയൊ?

വിലയേറിയ കർപ്പൂരം
നലമൊടൊരു കൂപ്പിയിൽ
മുളകും ചേത്തുവെയ്ക്കാഞ്ഞാൽ
കളവല്ലതു നാസ്തിയാം.

ധനം പെട്ടിയിൽ വെച്ചൊന്നു
മനങ്ങാതുണ്മെന്നിയേ
മനം മയങ്ങി മേവുന്ന
ജനം വളരെയുണ്ടുപോൽ.

പിട്ടല്ലവൻ "പണസ്സഞ്ചി"
കെട്ടഴിക്കാതെയെപ്പൊഴും
നട്ടം തിരിഞ്ഞിടും വിദ്വാൻ
പൊട്ടപ്പാപ്പരൊടൊക്കുമെ.

പട്ടിക്കു, ചോറുരുള കൊണ്ടുവരുമ്പോഴുള്ള
ഗോഷ്ടിക്കു കഷ്ടമളവില്ല; തു വാലിളക്കി

വട്ടത്തിലോടു മടികുമ്പിട്ടു, മീവിധങ്ങളം
കാട്ടാതെയഷ്ടിയൊരുനേരവുമില്ലന്യൂനം.

നേരററ കുംഭിവരനമ്പൊട്ട ചോർകൊട്ടക്കും
നേരത്തവൻ ബഹു ഗഭീരത പൂണ്ടുനോക്കും;
ഓരായിരം തവണ "ചക്കരവാക്കു"രച്ചേ
പാരാതെപിന്നെയവനഷ്ടി കഴിക്കയുള്ളു.

കുറിപ്പുറത്തു് കേശവൻനായർ.



കുംഭിവരൻ=കൊമ്പനാന.

19. ഒരു പ്രാർത്ഥന.

ദൈവമേ, കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ.
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻ തോണിനിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണം പൊരുളൊട്ടങ്ങിയാൽ,
നിന്നിടും ഭക്തപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്തരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീ യൊന്നു
തന്നേ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറും
ആഴവും പോലെ ഞങ്ങളും
മായയും നിന്മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും, സൃഷ്ടിജാലവും,

നീയല്ലോ ദൈവമേ, സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും, മായാ-
വിയും, മായാവിനോദനും;
നീയല്ലോ മായയേ നീക്കി-
സ്സായുജ്യം നൽകുമായ്വനും.

നീ സത്യം, ജ്ഞാന, മാനന്ദം
നീ തന്നേ വർത്തമാനവും,
ഭൂതവും, ഭാവിയും വേറ-
ല്ലോതും മൊഴിയു മോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാണ്ട നിമ്പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങേ
ഭഗവാനേ, ജയിക്കുക.

ജയിക്കുക! മഹാദേവാ,
ദീനാവനപരായണ,
ജയിക്കുക! ചിദാനന്ദ,
ദയാസിന്ധോ, ജയിക്കുക!

ആഴമേറും നിന്മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ,

ആഴണം! വാഴണം! നിത്യം
വാഴണം! വാഴണം! സുഖം.

ശ്രീനാരായണഗുരു.





നാവികൻ=തോണിക്കാരൻ. ഭവാബ്ധി=സംസാരമാകുന്ന കടൽ. ആവിവൻതോണി=ആവികൊണ്ടു നടത്തപ്പെടുന്ന വലിയ തോണി (ചെറുകപ്പൽ). സംസാരമാകുന്ന കടൽ കടത്തുന്ന കപ്പൽക്കാരനാണു നീ. ട്ടുക്ക=ട്ടുക്കി. അസ്പന്ദം=ഇളകാത്തതു. സാമഗ്രി=വസ്തു. സായുജ്യം=മോക്ഷം. ദീനാവനപരായണ=ദീനന്മാരെ അവനം ചെയ്യുന്നതിൽ (രക്ഷിക്കുന്നതിൽ) പരായണൻ (താല്പര്യമുള്ളവൻ). മഹസ്സ്=ജ്യോതിസ്സ്, ശിശോ (ഭക്തിമയമായ ഈ പ്രാർത്ഥനയുടെ സാമാന്യമായ സാരം ഗ്രഹിച്ചാൽ മതി).

സുപ്രസിദ്ധകവിയായ

പള്ളത്തിന്റെ

പദ്യതാരാവലി

I—IV Parts For Classes II, III, IV & V.

(Approved by Madras Text Book Committee)

ഏററവും ലളിതവും സുഘടിതഗുണം ഉളവുന്നവ യുമായ കവനങ്ങളും തിരഞ്ഞെടുത്തും സ്വന്തമായി ചേ ത്തും അമൃതഗുളികപോലെ പാകപ്പെടുത്തിയത്. പു നം, പൂന്താനം, ചേലപ്പുറമ്പ്, നമ്പ്യാർ, എഴുത്തച്ഛൻ, ചെറുശ്ശേരി, വെണ്മണി, വള്ളത്തോൾ, ആശാൻ, ഉള്ളൂർ തുടങ്ങിയ മഹാകവികളുടെ ചെറുകവിതകളും.

I	0—2—6
II	0—2—9
III	0—3—0
IV	0—3—3

As an Inspecting Officer of Elementary Schools, I welcome these publications.

C. K. NAIR, B. A., L. T.,
Deputy Inspector of Schools

കഥാലതിക Part I & II

(ബാലകഥകൾ)

എബ്രഹാം ലിങ്കൻ, ബുദ്ധൻ, നബി തുടങ്ങിയ ച രിത്രപുണ്യപുരുഷന്മാരുടെ മനോഹരകഥകളിലൂടെ പുറ മെ, ധർമ്മോപദേശം ചെയ്യുന്ന നിരവധി ചെറുകഥകളു ടങ്ങിയത്. ഇവയിലെ ഭാഷാഭംഗിയുടെ സ്വാദ് പരീ ക്ഷിച്ചറിയേണ്ടതാണ്. സത്യം, സമഭാവന, ധീരത, സ്വാഭിമാനം, അനുസരണശീലം, സ്വാതന്ത്ര്യം തുടങ്ങി യ പല ഗുണങ്ങളും ഉളവാക്കുന്ന കഥകളും.

I	0—3—0
II	0—3—9